# 'തെങ്ങിൻെറ ചങ്ങാതിക്കൂട്ടം' പരിശീലനപരിപാടി ലക്ഷ്യത്തിലേക്ക്

**കൊച്ചി:** 'തെങ്ങിൻെറ ചങ്ങാതിക്കൂട്ടം' പദ്ധതിവഴി യുവാക്കൾക്ക് സ്ഥിരം തൊഴിലും വരുമാനമാർഗവും ഉറപ്പാക്കി കേന്ദ്ര നാളികേര ബോർഡ് ചിങ്ങം ഒന്നിന് ആരംഭിച്ച തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ ജനവരി 27 നകം പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം നാലായിരത്തോളമായി.

എറണാകുളം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തീകരിച്ചവരുടെ എണ്ണം 500 കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷം 5000 തെങ്ങിൻെറ ചങ്ങാതിമാർക്ക് പരിശീലനം നൽകാനാണ് ബോർഡിൻെറ ലക്ഷ്യം.

തെങ്ങിനെ സംബന്ധിച്ച് സമഗ്രമായ അറിവും പരിശീലനവും നൽകുന്നതിന് 10 ജില്ലകളിൽ ആരംഭിച്ച ആറ് ദിവസത്തെ സൗജന്യ പരിശീലനം 20 പേർ വീതമുള്ള 25 ബാച്ചുകൾക്ക് നൽകി ഓരോ കേന്ദ്രങ്ങളിലും 500 തികയ്ക്കുക എന്നതായിരുന്നു പ്രാരംഭലക്ഷ്യം. ഇപ്പോൾ 13 ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് പരിശീലനം.

ലോക്കൽ ഇക്കണോമിക് ഡവലപ്പ്മെൻറ് സൊസൈറ്റി (ലെഡ്സ്) എന്ന സംഘടനയാണ് എറണാകുളം ജില്ലയിലെ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.